**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5651** **13-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി മുൻ സർക്കാർ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ? | (എ) | കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം പഞ്ചായത്തുകൾക്കു വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25/06/2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതിനാൽ ഈ പദ്ധതിയ്ക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടില്ല. പമ്പാ നദി സ്രോതസ്സ് ആയുള്ള ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നീരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോവാട്ടർ പമ്പിംഗ് മെയിൻ, 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പാദന ക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ്. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോടു ചേർന്ന് 125 സെൻറ് സ്ഥലം ആവശ്യമായിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെൻറ് സ്ഥലവും, പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലമേറ്റെടുക്കൽ നടപടികൾക്കാവശ്യമായ രേഖകൾ തഹസിൽദാർ, കിഫ്ബി, ലാന്റ് അക്വിസിഷൻ, കായംകുളത്തിന് 2021 ജനുവരിയിൽ സമർപ്പിച്ചിട്ടുണ്ട്. Social Impact Study report തയ്യാറാക്കിയിട്ടുണ്ട്. Expert committee meeting 06.08.2021-ൽ നടന്നിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാന്റ് കൺവേർഷന് അനുമതി |

ലഭ്യമാകേണ്ടതിനുള്ള അപേക്ഷകളും, രേഖകളും 06/12/2019 ൽ കൃഷി ഭവനിൽ സമർപ്പിച്ചിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ വെറ്റ് ലാന്റ് കൺവേർഷന് വേണ്ടിയുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് 21.06.2021-ലും പുളിങ്കുന്ന് പഞ്ചായത്തിലെ വെറ്റ് ലാന്റ് കൺവേർഷന് വേണ്ടിയുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് 22.08.2020-ലും സംസ്ഥാനതല നിരീക്ഷണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. കൈനകരി, നെടുമുടി, വീയപുരം എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ അധീനതയിലുള്ള 20 സെൻറ് വീതം സ്ഥലവും ചമ്പക്കുളം പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായിട്ടുള്ള ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള 20 സെൻറ് സ്ഥലവും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനായുള്ള കത്തുകളും നൽകിയിട്ടുണ്ടെങ്കിലും സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് താമസം നേരിടുന്നതിനാൽ സ്ഥല ഉടമകളുമായി എഗ്രിമെൻറ് വച്ച് അഡ്വാൻസ് പൊസിഷനിൽ സ്ഥലം ലഭ്യമാക്കി ടെണ്ടർ നടപടികൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിന് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ടിംഗ് അനുവാദത്തിനായി Right of Way Portal - ൽ 01.05.2021, 03.05.2021, 06.05.2021 തീയതികളിൽ 31.35 കി.മീ റോഡിന്റെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 12.01 കി.മീ റോഡിന്റെ ജോയിന്റ് ഇൻസ്പെക്ഷൻ 25.05.2021, 28.05.2021 തീയതികളിലായി നടന്നിട്ടുണ്ട്. മറ്റു റോഡുകളിലേയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടനാട് കിഫ്ബി പദ്ധതി ഉൾപ്പെടെ ആലപ്പുഴ ജില്ലയിലെ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി 29.09.2020 മുതൽ ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ആലപ്പുഴ പഴവങ്ങാടിയിൽ പ്രവർത്തിച്ചുവരുന്നു. സ്ഥലമേറ്റെടുക്കുന്ന പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആലപ്പുഴ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ മാസത്തിൽ രണ്ട് തവണ മീറ്റിംഗുകൾ നടത്തുന്നുണ്ട്. മീറ്റിംഗുകളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരേയും പങ്കെടുപ്പിക്കാറുണ്ട്. കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം 6 പാക്കേജുകളിലായി സ്പ്ലിറ്റ് ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ ആ പാക്കേജിന്റെ ടെണ്ടർ

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റു ഘടകങ്ങൾക്കുള്ള സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അവ കിട്ടുന്ന മുറയ്ക്കും റോഡ് കട്ടിങ്ങിനുള്ള അനുമതി വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കും ബാക്കി പാക്കേജുകൾ ക്രമീകരിച്ച് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കാവാലത്തെ ഉന്നതതല ജലസംഭരണി (8ലക്ഷം ലിറ്റർ) 2023 ഡിസംബറിൽ പൂർത്തിയാക്കുന്നതോടെ മൂന്ന് പഞ്ചായത്തുകളിൽ പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാംഘട്ടത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നീരേറ്റുപുറത്ത് 30 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയും, അനുബന്ധ ട്രാൻസ്മിഷൻ ലൈനുകളും സ്ഥാപിക്കുന്നതോടെ തലവടി, മുട്ടാർ, നീലംപേരൂർ പഞ്ചായത്തുകളിൽ സ്ഥാപിച്ച ലൈനുകൾ ചാർജ്ജ് ചെയ്യാൻ ആവശ്യമായ ശുദ്ധജലം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ